A

# സമഗ്ര ശിക്ഷ, കേരളം

**602**

## വാർഷിക മൂല്യനിർണയം 2018-19

## മലയാളം

ക്ലാസ് : 6 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം- 1 വായിക്കാം എഴുതാം**

പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കുന്ന്

നീലച്ചിറകു കുടഞ്ഞു വാനം
കുന്നിന്റെ മോളിലും വന്നിരിക്കും
ഓരോ ഞരമ്പിലും മാറി മാറി
വെള്ളിവെളിച്ചം ചൊരിഞ്ഞിരിക്കും
തൊട്ടു തലോടുവാൻ മാത്രമായി
തുമ്പികൾ തോളത്തു വന്നിരിക്കും
ഉള്ളുറപ്പില്ലാതെ നിന്നു പോയാൽ
കാറ്റെൻ ശിരസ്സു കുനിച്ചിരിക്കും
തണ്ണീർക്കുടവും ചുമന്ന് നീങ്ങും
മേഘങ്ങൾ തുള്ളിത്തുളുമ്പിയപ്പോൾ
വേരിൽ കിനിഞ്ഞോരുറവുമായി
വേനലു പോലും ഞാൻ തട്ടി നീക്കി
മുള്ളിൻപഴം, ഞാവൽ, നെല്ലി, കൊട്ട
എത്ര ഫലപ്പച്ചയായിരുന്നു
വിസ്തൃതമീ പുൽപ്പരപ്പു തേടി
പയ്യുകൾ മേയാൻ കൊതിച്ചിരുന്നു
കാലിക്കുടമണിയൊച്ച കേൾക്കെ
പാറകൾ കോരിത്തരിച്ചിരുന്നു.

രാമകൃഷ്ണൻ കുമരനെല്ലൂർ

1. എന്തു കേട്ടാണ് പാറകൾ കോരിത്തരിച്ചിരുന്നത്?
   (നദിയുടെ ഒഴുക്കിന്റെ ശബ്ദം, കാലിക്കുടമണിയൊച്ച, പക്ഷിക്കൂട്ടത്തിന്റെ കലപില)
2. 'മേഘങ്ങൾ തുള്ളിത്തുളുമ്പുക' എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?
   (തുള്ളിച്ചാടുക, മഴപെയ്യുക, ആർത്തു ചിരിക്കുക)
3. 'നീലച്ചിറകു കുടഞ്ഞു വാനം
   കുന്നിന്റെ മോളിലും വന്നിരിക്കും'
   ഈ വരികളിൽ ആകാശത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
   (പക്ഷി, കുന്ന്, വേര്)
4. വേനലു പോലും തട്ടിനീക്കാൻ കുന്നിനെ സഹായിച്ചത്?
   (കിളികൾ, കാറ്റ്, മേഘങ്ങൾ)
5. തല എന്നതിനു സമാനമായി കവിതയിൽ പറഞ്ഞിരിക്കുന്ന പദമേത്?
   (ഞരമ്പ്, ശിരസ്സ്, തോൾ)

**പ്രവർത്തനം- 2 ആത്മഗതം തയാറാക്കുക**

(എ). വെള്ളച്ചാട്ടമായി മാറിയ സാംബസി നദിയുടെ ആത്മഗതം നാം എഴുതിയതാണല്ലോ. കേരളത്തിലുണ്ടായ പ്രളയം പ്രകൃതിയിൽ ഒരുപാട് മാറ്റങ്ങൾ വരുത്തി. പുഴ വഴിമാറി ഒഴുകിയ വാർത്തകളും മാധ്യമങ്ങളിൽ കണ്ടു. വഴിമാറി ഒഴുകിയ ഒരു പുഴയ്ക്ക് എന്തെല്ലാം പറയാനുണ്ടാവും? പുഴയുടെ ആത്മഗതം ഒന്ന് എഴുതി നോക്കൂ.

(ബി). 'വീഥി' എന്ന പദത്തിന്റെ അർഥമെഴുതുക.

## പ്രവർത്തനം- 3 വിശകലനക്കുറിപ്പ്

**നമ്മുടെ പൈതൃകം**

കമ്പുവെട്ടാൻ മരത്തോടു സമ്മതം
ചെന്നു ചോദിച്ചു പ്രാർത്ഥിച്ച പൈതൃകം
ഔഷധത്തിനു വേരെടുക്കുമ്പോഴും
മാപ്പു ചോദിച്ചു കൂപ്പുന്ന പൈതൃകം
പത്തുമക്കൾക്കു തുല്യമൊരുമരമെന്ന്
ഹൃത്തടത്തിലുറപ്പിച്ച പൈതൃകം

കാട്ടുമാനിനെ, കാട്ടു പൂവള്ളിയെ
കൂട്ടുകാരിയായ് കാണുന്ന പൈതൃകം
കാടു മർത്യന്റെ തോഴനായ് മാറുന്ന
ഭാരതത്തിന്റെ പൊയ്പ്പോയ പൈതൃകം
കണ്ടെടുക്കുക, വീണ്ടും പുലർത്തുക
കാടുവെട്ടിത്തെളിക്കാതെ കാക്കുക...

(എം.എം. സചീന്ദ്രൻ)

'മഞ്ഞുതുള്ളി' എന്ന കവിതയിൽ സ്വർഗത്തിലെ മഞ്ഞുതുള്ളി ഭൂമിയിലെ പുൽക്കൊടിയോട് കാണിക്കുന്ന ആർദ്രത നാം കണ്ടുവല്ലോ? മനുഷ്യന്റെ പ്രവൃത്തി ഇങ്ങനെയാണോ? 'നമ്മുടെ പൈതൃകം' എന്ന കവിത **വിശകലനം ചെയ്ത് കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം - 4 അഭിപ്രായക്കുറിപ്പ്

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"
"മതമേതായാലും മനുഷ്യൻ നന്നായാൽ മതി"

- ശ്രീനാരായണ ഗുരു

ഗുരു മുന്നോട്ടുവച്ച ആശയങ്ങൾ എക്കാലവും പ്രസക്തമാണ്. നിങ്ങളുടെ അഭിപ്രായം എഴുതുക.

## പ്രവർത്തനം- 5 ഉപന്യാസം

ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി
ഒരില കൊഴിയാതെയിപ്പോഴും ബാക്കിയെ-
ന്നൊരു ചില്ല കാറ്റിനോടോതി
ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ-
ന്നൊരു മരം പക്ഷിയോടോതി.
ഒരു മരം വെട്ടാതെയൊരു കോണിൽ
കാണുമെന്നൊരു കാടു ഭൂമിയോടോതി.

(ഹരിതം- സച്ചിദാനന്ദൻ)

ഒന്നും പൂർണമായി നശിച്ചിട്ടില്ല പ്രതീക്ഷയുടെ നാമ്പുകൾ ഇനിയും അവശേഷിക്കുന്നുണ്ട് എന്ന മഹത്തായ സന്ദേശമാണ് 'ഹരിതം' എന്ന ഈ കവിത നമുക്കു പകർന്നു നൽകുന്നത്.
'സാധ്യമെന്ത്' എന്ന കവിത നിങ്ങൾ പഠിച്ചുവല്ലോ. ഈ കവിതയും സമാനമായ ആശയമാണ് നമുക്കു നൽകുന്നത്. രണ്ടു കവിതകളും താരതമ്യം ചെയ്തുകൊണ്ട് **'പ്രതീക്ഷകളുടെ ലോകം'** എന്ന വിഷയത്തെ ആസ്പദമാക്കി **ഉപന്യാസം** തയാറാക്കൂ.

## പ്രവർത്തനം- 6 ആസ്വാദനക്കുറിപ്പ്

ശ്രീ. എൻ.പി. മുഹമ്മദിന്റെ **'പുഴകൾ ദേവതകൾ'** എന്ന കൃതിയിലെ **'പുഴ'** എന്ന പാഠഭാഗം പഠി
ച്ചല്ലോ. പുഴയെക്കുറിച്ചുള്ള ഒരു രചനയുടെ ഭാഗം വായിക്കൂ...

പുലരിയിൽ പുഴ ഏറെ മനോഹരമാണ്. ചിതറിക്കിടക്കുന്ന കൊച്ചു കൊച്ചു പാറക്കൂട്ടങ്ങളിൽ പുഴ
ചിന്നിച്ചിതറുമ്പോൾ സൂര്യരശ്മികൾ അതിൽ മഴവില്ല് തീർക്കും. അപ്പോൾ പുഴയ്ക്ക് മുകളിലൂടെ
മറുകരയിലേക്ക് വേഴാമ്പൽക്കൂട്ടങ്ങൾ പറന്നുപോകുന്നതു കാണാം. മറുകരയിലെ പച്ചക്കാടുക
ളിൽനിന്നും പിന്നെയും പുഴയ്ക്കു മുകളിലൂടെ താഴ്ന്നു പറന്നു വരുന്നവർ ഉണ്ട്. പൂമ്പാറ്റകളും
തുമ്പികളും. പുഴയിലേക്ക് മനുഷ്യരെത്തുന്നതിനു മുൻപ് മീൻ തേടുന്ന നീർനായകളും നീർകാക്ക
കളും. അപ്പോൾ പുഴയ്ക്കും കാടിനും ഉദയസൂര്യൻ സ്വർണവർണം നൽകിയിട്ടുണ്ടാകും. എന്തൊരു
ഭംഗി! ഈ മഹാസൗന്ദര്യം കാണുമ്പോൾ പുഴക്കരയിൽനിന്നും പിൻമാറാൻ തോന്നില്ല. വാഴച്ചാൽ
പാലത്തിനടിയിൽക്കൂടി ചാലക്കുടിപ്പുഴ പിന്നെയും ഒഴുകിക്കൊണ്ടിരുന്നു.

-എൻ.എ. നസീർ

സ്വന്തം പുഴയനുഭവങ്ങളും മറ്റുള്ളവർ പറഞ്ഞുകേട്ടതും ചേർത്ത് ഈ രചനയ്ക്ക് ഒരു **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.